ഇന്ത്യയിലെ ഉപരിപഠന കലാശാലകളിലെ പഠനമികവ് അളക്കാനും സൗകര്യങ്ങളുടെ അടിസ്ഥാനത്തിലും വർഗ്ഗീകരിക്കുന്നതിന് നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) 1994-ൽ ഇന്ത്യാ ഗവൺമെന്റ് രൂപീകരിച്ച ഒരു കൗൺസിൽ വളരെ മികവുറ്റരീതിയിൽ തന്നെ പ്രവർത്തിക്കുകയും ഇൻഡ്യയിലെ സർവകലാശാലകളെയും കലാലയങ്ങളെയും റാഗിംങ്ങിന്റെ അടിസ്ഥാനത്തിൽ വർഗ്ഗീകരിച്ച വരുന്നു. ഇപ്പോൾ തന്നെ അനേകം വ്യാജസർവകലാശാലകളെയും കലാലയങ്ങളെയും പൂട്ടിക്കുന്നതിന് സാധിച്ചു. എന്നാൽ മികവുറ്റ രീതിയിലുള്ള ഉപരിപഠനം ഉറപ്പ് വരുത്തുവാൻ ഈ സംഘടനയ്ക്കും സാധിക്കുന്നില്ല. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിദ്യാഭ്യാസം കടന്നു ചെല്ലാൻ കഴിയാത്ത അനേകം സ്ഥലങ്ങൾ ഇന്നും ഉള്ളപ്പോൾ തന്നെ ഈ മേഖലയെ തുരങ്കം വയ്ക്കുന്ന് അനേകം ദുർനടപടികൾ വിവിധ സർക്കാരുകളുടെ ഭാഗത്ത് നിന്ന് വിവിധ സംസ്ഥാനങ്ങൾ അനുഭവിക്കുന്നു.

**അമിതമായ രാഷ്ട്രീയ ഇടപെടലുകൾ**

നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല ഇന്ന് ഏറെ വെല്ലുവിളികൾ നിറഞ്ഞതാണെന്ന് മുൻപ് പ്രസ്ഥാവിച്ചുവല്ലോ ഇതിൽ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളിയാണ് കലാലയങ്ങളും യൂണിവേഴ്സിറ്റികളിലുമുള്ള രാഷ്ട്രീയ പാർട്ടികളുടെ അമിതമായ ഇടപെടൽ. ഗവൺമെന്റുകൾക്കനുസരിച്ച് വൈസ് ചാൻസിലർമാരെ നിയമിക്കുക പിരിച്ചു വിടുക, സിൻഡിക്കേറ്റംഗങ്ങളെയും സെനറ്റ് അംഗങ്ങളെയും രാഷ്ട്രീയ പാർട്ടികളുടെ ഇഷ്ടക്കാരെ നിയമിക്കുക തുടങ്ങിയതിലൂടെ മാനദണ്ഡങ്ങൾ കാറ്റിൽ പറത്തുകയും ഗുണനിലവാ... തകർച്ചയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നു. മാ... മല്ല അനാവശ്യമായ രാഷ്ട്രീയ സമരങ്ങൾക്കു...

Scanned by CamScanner

വേദിയായി കലാലയങ്ങളെ മാറ്റിയെടുത്തത് മറ്റൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഉത്തമരായ പൊതുപ്രവർത്തകരെ വളർത്തിയെടുക്കേണ്ട ഇടം തന്നെയാണ് കലാലയങ്ങൾ. വിദ്യാർത്ഥികളുടെ ചെയ്യാനുള്ള അവകാശവും അവർക്ക് ഉണ്ട്. എന്നാൽ വിദ്യാഭ്യാസത്തെ തകർക്കുന്ന -അക്രമ മാർഗ്ഗത്തിലൂടെയുള്ള സമരങ്ങൾ ഗുണമേന്മയെ തകർക്കുന്നു.

**അനാവശ്യമായ മത്സരപ്രവണതകൾ:-**

വിദ്യാർത്ഥികളുടെ സർഗ്ഗശേഷിയും വാസനയും ഒപ്പം അവരുടെ ബൗദ്ധിക മണ്ഡലവും വികസിപ്പിക്കേണ്ട കലാലയങ്ങൾ ഇന്ന് പേരിനും പ്രശസ്തിക്കും വേണ്ടിയുള്ള മത്സരത്തിലാണ്. സ്വകാര്യ വ്യക്തികൾക്ക് കലാലയങ്ങൾ തുടങ്ങാൻ അനുമതി നൽകിയതിലൂടെ മാനേജ്മെന്റുകളുടെ മത്സരമായി ഇവ മാറിയിരിക്കുന്നു അതി മനോഹരമായ പരസ്യങ്ങളിലൂടെയും തന്ത്രങ്ങളിലൂടെയും വശീകരിച്ച് സങ്കല്പ ലോകത്തേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നു എന്നതല്ലാതെ ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നുണ്ടോ എന്ന ഉറപ്പ് ആർക്കും തന്നെ നൽകാൻ കഴിയുന്നില്ല. ഗവൺമെന്റുകളുടെ ശക്തമായ ഇടപെടൽ ഈ മേഖലയിൽ ഉണ്ടാകുന്നില്ല എന്ന് ഏവർക്കും അറിയാം. നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ കടന്നെത്തിയിരിക്കുന്ന ഇത്തരം മത്സര പ്രവണതകൾക്ക് കാരണം പൊതുമേഖലയിലുള്ള ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗവൺമെന്റ് എയ്ഡഡ് മേഖലയിലുള്ള സ്ഥാപനങ്ങളുടെ പരിമിതിയാണ്. ചുവപ്പ് നാടയിൽ കുരുങ്ങി അനേകം ക്ഷേമ നടപടികൾ ഈ മേഖലയിൽ ശ്വാസം മുട്ടുന്നുണ്ട്. ഗവേഷണ-നിരീക്ഷണ സ്ഥാപനങ്ങൾ നമ്മുടെ ഗവൺമെന്റുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്തിരുന്നെങ്കിൽ ഇത്തരം മത്സരത്തെ ഒഴിവാക്കാമായിരുന്നു.

**സമ്പന്നതയുടെയും ധൂർത്തിന്റെയും വിദ്യാഭ്യാസം:-**

ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യ സ്ഥാപനങ്ങൾ അനേകം വന്നതുമുതൽ വിദ്യാഭ്യാസത്തിനായി ഫീസ് നൽകേണ്ടി വന്നിരിക്കുന്ന സാഹചര്യമുണ്ടായി. മെഡിക്കൽ-എൻജിനീയറിങ് മേഖലയിൽ മറ്റു സംസ്ഥാനങ്ങളിൽ ലക്ഷകണക്കിന് രൂപ ഫീസിനത്തിൽ നൽകി പോകുന്ന സ്ഥിതി വന്നപ്പോൾ അവർക്കിവിടെ പഠിക്കാൻ വേണ്ടി നമ്മുടെ സംസ്ഥാനത്തിൽ തന്നെ സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അനുമതി നൽകിയത്. ഇതിലൂടെ സമ്പന്നരുടെ മേഖലയായി ഉന്നത വിദ്യാഭ്യാസ മേഖല മാറി. എന്നാൽ മിടുക്കരായ ഉയർന്ന തലത്തിൽ എത്തേണ്ട അനേകം പഠിതാക്കൾക്ക് സാമ്പത്തിക പരാധീനതകൾ മൂലം പഠിക്കാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഉടനീളം ഉള്ള ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലകളുടെ പഠന നിലവാരം എത്രമാത്രമാണെന്നും അവയുടെ വിജയശതമാനം എത്ര എന്നതും പരിശോധിച്ചാൽ സമ്പന്നതയുടെ പൊള്ളത്തരം കൂടുതൽ വ്യക്തമാകും. ഇങ്ങനെ വിദ്യാഭ്യാസ മേഖലയെ കച്ചവടവത്ക്കരിച്ച നമ്മുടെ ഗവൺമെന്റുകൾ ഇതിനുത്തരം പറയുക തന്നെ വേണം. ഇന്നത്തെ ഏറ്റവും വലിയ വ്യവസായ മേഖലകളാണ് വിദ്യാഭ്യാസവും ആരോഗ്യവും എന്ന് സാമ്പത്തിക വിദഗ്ധർ തന്നെ ചൂണ്ടിക്കാട്ടിയിരിക്കുന്നു. സമ്പന്നതയ്ക്ക് വഴിമാറുന്ന വിദ്യാഭ്യാസം അനേകം ശാസ്ത്ര-സാങ്കേതിക പ്രതിഭകളെ വളർത്തുന്നതിനു പകരം തളർത്തുകയാണ് ചെയ്തിരിക്കുന്നത്.

**മാർക്ക് ദാനം ചെയ്യൽ:-**

നമ്മുടെ സർവകലാശാലകളിൽ ഇന്ന് ദാനം ചെയ്യൽ കർമ്മം അതിഭംഗിയായി നടന്നുവരുന്നു. രജിസ്റ്റർ ചെയ്താൽ ഉടൻ തന്നെ ഉന്നതമാർക്കോടെ വിജയിച്ച സർട്ടിഫിക്കറ്റ് നൽകുന്ന സർവകലാശാലകൾ ധാരാളമുണ്ട്. സെക്കണ്ടറി തലം മുതൽ പഠനമികവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ വർഗ്ഗീകരിച്ച് അവർക്ക് കഴിവുകളുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകൾ തുറന്നു കൊടുക്കുന്ന വിദ്യാഭ്യാസ സമ്പ്രദായമാണ് കഴിഞ്ഞ ദശകം വരെ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് നമ്മുടെ സർവകലാശാലകൾ ചെയ്യുന്നത് അത്യന്തം കുറ്റകരമായ ചില നടപടികളിലൂടെയാണ് മെഴ്സിചാൻസ് എന്ന ഓമനപ്പേര് നൽകി പരീക്ഷകളിൽ വിജയിപ്പിക്കുക, അനാവശ്യമായി മോഡറേഷൻ നൽകുക, മാനദണ്ഡമില്ലാതെ ഇന്റേണൽ അസസ്സ്മെന്റുകൾ നൽകുക തുടങ്ങിയവയിലൂടെ മികവ് ഇല്ലാത്തവരെയും മികവിന്റെ പട്ടികയിൽ ഇടംപിടിപ്പിക്കുന്നതിനായി മാർക്ക് ദാനം വന്നിരിക്കുന്നു. നിരവധി ക്രമക്കേടുകൾ നടക്കുന്ന ഒരിടം എന്ന അർത്ഥത്തിലാണ് നമ്മുടെ സർവ്വകലാശാലകളെ ഇന്ന് പൊതുജനം വിലയിരുത്തുന്നത് എന്നത് ഖേദകരമായ അവസ്ഥയാണ്.

**ശ്രേഷ്ഠമായ ഗുരുക്കന്മാരുടെ കുറവ്:-**

അറിവിന്റെ നിറകുടങ്ങളായിരുന്ന നമ്മുടെ പൂർവ്വിക ആചാര്യന്മാർ നൽകിയിരുന്ന കാലം ആർഷഭാരത സംസ്കാരത്തിൽ വളരെയധികം സംഭാവനകൾ ചെയ്തിരുന്നു. എന്നാൽ കാലക്രമേണ വിഷയാടിസ്ഥാനത്തിലൂടെ പഠന മേഖലകളിലേയ്ക്ക് ചുരുങ്ങിയപ്പോൾ അറിവുകൾ ഭിന്നിച്ചുപോകുന്ന സമീപനമാണുള്ളത്. ചിലർ അവരുടെ വിഷയങ്ങളിൽ മിടുക്കുകൾ തെളിയിക്കുമ്പോൾ വിഷയത്തിനപ്പുറമുള്ള ലോകം അവർക്ക് തികച്ചും അപരിചിതമായി നിലകൊള്ളുന്നു. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ബിരുദാനന്തരബിരുദമുള്ളവർ അധ്യാപകരാകുന്നു. അവരുടെ ഗവേഷണ നിരീക്ഷണമേഖലകൾ ശരിയായി പരിശോധിക്കപ്പെടുന്നില്ല. ശരിയായ രീതിയിലുള്ള പരിശീലനം നൽകേണ്ട സ്ഥാപനങ്ങളുടെ അഭാവം ഈ മേഖലയി



Scanned by CamScanner

ലുണ്ട്. NCERT/SCERT പ്രാഥമിക വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് അതിനനുസരിച്ചുള്ള പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ ഉന്നത വിദ്യാഭ്യാസമേഖലയിൽ ചില ഏജൻസികളെ ചുമതലപ്പെടുത്തിയിരിക്കുന്ന പരീക്ഷകൾ പാസ്സായാൽ മതി എന്നായിരിക്കുന്നു. ഈ ഏജൻസികൾ തന്നെ ഇന്ന് കുറ്റകരമായ സംശയത്തിന്റെ നിഴലിലാണ്. സ്വകാര്യവിദ്യാഭ്യാസമേഖലയിലെ കാര്യങ്ങൾ പുറത്ത് പറയുന്നതിനെക്കാൾ വളരെയധികം മോശമാണ്.

**വെല്ലുവിളികളെ എങ്ങനെ പരിഹരിക്കാം:-**

നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് ഇപ്പോൾ വിപ്ലവാത്മകമായ ഒരു മാറ്റം അനിവാര്യമാണ്. 2014-15-ൽ യു.ജി.സി. ഓൾ ഇന്ത്യ എഡ്യുക്കേഷൻ എന്ന പേരിൽ ഒരു സർവേ നടത്തി. സർവേ കമ്മറ്റി പുറത്തുവിട്ട കണക്കുകൾ ഞെട്ടിക്കുന്നതാണ്. ഗ്രോസ് എൻട്രോൾമെന്റ് റേറ്റ് 25.3% ആണ്. ചില സംസ്ഥാനങ്ങൾ 10% താഴെയാണ്.

മികച്ച അധ്യാപകരുടെ എണ്ണം നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥി അനുപാതമനുസരിച്ച് ഇല്ല. അതിനെ ഉയർത്തുക.

മികച്ച കലാലയങ്ങളെ വാർത്തെടുക്കുക - നമ്മുടെ കലാലയങ്ങളിൽ മികവുള്ള വിദ്യാർത്ഥികൾക്ക് യഥേഷ്ടം അഡ്മിഷൻ നേടാനുള്ള സൃഷ്ടിക്കുക.

നമ്മുടെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ മേഖലയ്ക്ക് കൂടുതൽ ശക്തമായ പ്രാധാന്യം നൽകുക. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ശക്തമായ നിയന്ത്രണങ്ങൾ കലാലയങ്ങൾക്കുമേൽ ഉണ്ടാകുക.

സ്വകാര്യ മേഖലയിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ഫീസ് ഘടന പരിഷ്ക്കരിക്കുകയും അമിത ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളെ സസ്പെന്റ് ചെയ്യുകയും അവയ്ക്കെതിരെ നിയമനടപടി സ്വീകരിക്കുകയും ചെയ്യുക. സർവകലാശാലകളിലെ അമിതമായ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കുകയും, രാഷ്ട്രീയത്തിനതീതമായുള്ള സംഘടനാ പ്രവർത്തനങ്ങൾക്ക് അവസരമൊരുക്കുക.

കോഴ്സുകളും പരീക്ഷകളും കൃത്യസമയത്ത് തുടങ്ങുകയും അവസാനിപ്പിക്കുകയും ഫലം വേണ്ട സമയത്ത് തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

വിദ്യാർത്ഥികളെ മികവിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവേശനവും വിജയവും നൽകുക. മാർഗ്ഗ-വർണ്ണ സംവരണങ്ങൾ ഈ മേഖലയിൽ അവസാനിപ്പിക്കുന്നത് നന്നായിരിക്കും. ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ഗവേഷണ നിരീക്ഷണങ്ങൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക. ഉന്നതവിദ്യാഭ്യാസ മേഖലയിൽ രാജ്യത്ത് ആകമാനം ഒരേ ഘടന കൊണ്ടുവരികയും അതിനെ പരിപോഷിക്കാൻ സർക്കാരുകൾ ശ്രമിക്കുകയും ചെയ്യുക.

ഇത്തരത്തിലുള്ള നടപടികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കി വളർത്തിയെടുക്കാനാകും.

വിദ്യാഭ്യാസം- ആശാനക്ഷരമൊന്ന് പിഴച്ചാലമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്- എന്നാണല്ലോ പറയാറുള്ളത്. പിഴവില്ലാത്ത ഉന്നതവിദ്യാഭ്യാസത്തിനായി നമുക്ക് യത്നിക്കാം.

ഷൈജു ജോസഫ്
2004 ബാച്ച് മലയാളം
9496813017




Scanned by CamScanner

## ശുഭചിന്ത



### നല്ല ബന്ധങ്ങൾ നല്ല ആശയവിനിമയത്തിലൂടെ

എല്ലാ മനുഷ്യരിലും ശ്രദ്ധയോടെ വളർത്തിയെടുക്കേണ്ട ഒരു വലിയ കഴിവാണ് ആശയവിനിമയം. ഓരോ മനുഷ്യനും ഒരോ സ്വഭാവമാണ്. ഒരു വ്യക്തിയെ നന്നായി നിരീക്ഷിച്ച് അനുകൂലമായ രീതിയിൽ ആശയവിനിമയം നടത്തിയാൽ നമ്മുടെ ദൗത്യം വിജയിക്കും. സന്തോഷത്തോടെ പിരിയാനും സാധിക്കും. നന്നായി കേൾക്കുന്നതാണ് ആദ്യപടി. തലകുലുക്കി പുഞ്ചിരിയോടെ കാര്യങ്ങൾ കേൾക്കുക. അതെ, അത് ശരിയാണ്. സത്യം എന്നൊക്കെ മാത്രം കൂട്ടിച്ചേർക്കുക. എല്ലാവർക്കും കേൾക്കുന്നവരെ ഇഷ്ടമാണ്. രണ്ട് കാതുകൾ ഉണ്ട്, ഒരു നാവും. കേൾക്കുന്നതിന്റെ പകുതി മതി സംസാരം. വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയേണ്ടിവരുമ്പോൾ-എന്ത് മണ്ടത്തരമാണ് പറഞ്ഞത്? താങ്കൾക്കു ബുദ്ധി ഇല്ലേ, വിഡ്ഢിത്തം വിളമ്പുന്നു എന്നൊന്നും പറയരുത്. പറഞ്ഞാൽ അറിയാതെ കൊമ്പുകോർത്തുപോകും. ചിലപ്പോഴൊക്കെ ഇങ്ങനെയും സംഭവിക്കാറുണ്ട്. എനിക്ക് ഇങ്ങനെ തോന്നിയിട്ടുണ്ട്. ഞാൻ ഒരു കാര്യം കൂട്ടിച്ചേർക്കട്ടെ. എന്റെ തോന്നലാകും എന്നൊക്കെ പറഞ്ഞുകൊണ്ട് കാര്യം പറഞ്ഞാലൊ? അവിടെ നാം ആരെയും തോൽപിക്കുന്നില്ല.

തെറ്റ് തിരുത്തുമ്പോൾ തകർത്ത് കളയരുത്, മുറിപ്പെടുത്തരുത്. നന്നാകുന്നുണ്ട്. ഇനിയും മെച്ചപ്പെടുത്തണം എന്ന് പറയണം. ആരോടും ഒന്നും മിണ്ടാതെ ഒറ്റയ്ക്ക് മാറി നിൽക്കുന്ന ചില വ്യക്തികൾ ഉണ്ട്. അവരോട് അങ്ങോട്ട് ചെന്ന് മിണ്ടണം - കൂട്ടുകൂടണം. നല്ല ആശയ വിനിമയത്തിലൂടെ മാത്രമെ നല്ല ബന്ധങ്ങൾ കെട്ടിപ്പെടുത്താനും അത് വളർത്താനും സാധിക്കൂ.

**ഡോ. ദീപ്തി എലിസബത്ത് മാത്യു**
അസ്സി. പ്രൊഫ.

## തേൻതുള്ളി



### വളരുന്നതെങ്ങനെ

"സംസ്കാരങ്ങൾ കൊല്ലപ്പെടുകയല്ല ആത്മഹത്യ ചെയ്യുകയാണ്" എന്ന് പറഞ്ഞത് പ്രശസ്ത ബ്രിട്ടീഷ് ചിന്തകൻ അർനോൾഡ് ടോയൻബി.

ഇന്ത്യയിലെ വലിയ ഒരു കമ്പ്യൂട്ടർ കമ്പനിയായിരുന്നു സത്യം കമ്പ്യൂട്ടേഴ്സ്. വേഗത്തിൽ വളർന്നു പക്ഷേ, വളർച്ചയുടെ പാതയിൽ മൂല്യങ്ങളിൽ അടിയുറച്ചു നിന്നില്ല ചീട്ടുകൊട്ടാരം പോലെ തകർന്നുപോയി. കാരണം മൂല്യങ്ങളുടെ അടിത്തറ ഇല്ലായ്മയായിരുന്നു. മറ്റൊരു കമ്പനി ഇൻഫോസിസ്. സുധാമൂർത്തി എന്ന തന്റെ പ്രിയ പത്നിയുടെ സ്വർണ്ണം പണയം വച്ച് നാരായണ മൂർത്തി എന്ന മിടുക്കനായ ചെറുപ്പക്കാരൻ തന്റെ ആറ് സുഹൃത്തുക്കളും ഒത്ത് 1981-ൽ പൂനെയിൽ തുടങ്ങിയ സോഫ്റ്റ്‌വെയർ കമ്പനി. 2019 ഫോർബ്സ്-ന്റെ ബെസ്റ്റ് റിഗാർഡഡ് കമ്പനീസിൽ 310-ാം സ്ഥാനം. ഒരു ലക്ഷത്തി പതിനാറായിരത്തിൽ അധികം ജോലിക്കാർ. 1993-ൽ പതിനായിരം ഇൻഫോസിസ്-ൽ നിക്ഷേപിച്ചവർക്ക് ഇന്ന് അത് 2.97 കോടിയാണ്. 2973 മടങ്ങ് തിരിച്ചുകിട്ടും, കേവലം രണ്ട് വർഷം കഴിയുമ്പോൾ. എന്താണ് കാരണം? മൂല്യങ്ങൾ തന്നെ. ഇൻഫോസിസ് മൂല്യങ്ങളിൽ പണിതുയർത്തപ്പെട്ട കമ്പനിയാണ്. മരത്തിന്റെ ശിഖരവും പൂക്കളും കായ്കളും ആളുകൾ കാണുന്നു. വേരോ ആരും കാണുന്നില്ല. എന്താണ് മരത്തിന്റെ ബലം. അതിന്റെ വേര് തന്നെ. എത്ര ഉയരങ്ങളിലേക്ക് മരം പോകുന്നുവോ അത്രയും ബലം മണ്ണിൽ അതിന്റെ വേരുകൾക്ക് വേണം. അങ്ങനെതന്നെയാണ് മൂല്യങ്ങളും. എത്ര വലുതാണോ കെട്ടിടം അത്ര ശക്തമായിരിക്കണം ഫൗണ്ടേഷൻ. അതുപോലെതന്നെയാണ് മൂല്യങ്ങളും.

**ഡോ. ജോജു ജോൺ**
അസ്സി. പ്രൊഫ.



Scanned by CamScanner

## Integrated Thematic Instruction:
# A Brain Compatible Instructional Model

**Janu M.S.**

(Junior Research fellow in Education, University of Kerala, Thiruvananthapuram, Kerala, India)



"I began to refine my curriculum development and instructional strategies to better align with brain research. The Integrated Thematic Instruction (ITI) Model was born" - (Kovalik)

Integrated Thematic Instruction is one of the way of delivering curriculum (the WHAT is to be learned) with the focus on Biology of Learning, Instructional Strategies and Conceptual Curriculum. This hooks objectives together and helps children see how things are related to one another. The more things make sense for us, the more rapidly we learn and the better we commit

learning to long-term memory. According to Dorner (n.d.), "the "ITI (Integrated Thematic Instruction) model" developed by Kovalik carefully develops a brain-compatible learning environment, then structures curriculum to take advantage of the way the brain learns best"(n.p.). ITI model, the Brain compatible education model, was originally conceptualized in the 1970's by Kovalik, as a result of implementing brain-research in the classroom. It is currently known as Highly Effective Teaching model (HET) due to the identified evidence of significant gains in the achievement of students using this innovative education model, in some independent research. It is an educational model where every learner would benefit from hands-on, first hand information, sensory-rich field study experiences, engaging activities, and meaningful topics. This model has been developed based on a philosophy of how students learn.

**The ITI or HET Model has two main goals:**

1. To create participating citizens, willing and able to engage in our democratic processes to improve life now and for future generations
2. To help educators translate current brain research into practical strategies for the classroom and school population.

## NEW STARS OF THE GALAXY



**Dr. V. Reghu**
M.Ed. Cordinator



**Dr. Neena Thomas**
B.Ed. Faculty



**Rakesh Sharma**
Guest Faculty

# വിവാഹിതനായ ഒരു അധ്യാപക വിദ്യാർത്ഥിയെക്കുറിച്ച് പറഞ്ഞാൽ...



ഷാഫി – തോംസൺ

ലെസ്സൻ പ്ലാനിന്റെ
വരകൾക്കിടയിൽ ജീവിത പ്ലാനുകളെ
സമരസപ്പെടുത്തുന്നൊരു കുടുംബനാഥൻ...
മകന്റെ കളിക്കോപ്പുകളിൽ
മെറ്റമോർഫോസിസിന്റെ അനന്ത-
സാധ്യതകൾ ടീച്ചിംഗ്
എയിഡ്സാക്കി മാറ്റുമൊരു എഞ്ചിനീയർ...
പത്നിയുടെ പരിഭവത്തുണ്ടുകൾ
കേസ് സ്റ്റഡിയുടെ ആകാശത്തൊട്ടിച്ചുവെയ്ക്കെ
തിളങ്ങുന്ന മിഴിനീർത്തുള്ളികൾ
സ്നേഹത്തിന്നുലയിലൂതിയുണക്കു-
ന്നൊരു പതി...
രാവിന്റെ യാമങ്ങൾക്ക് ദൈർഘ്യം
പോരായെന്ന് വഴക്കുണ്ടാക്കുന്ന
ഉറക്കത്തെ പിടിച്ചുകെട്ടി
ടീച്ചിംഗ് പ്രാക്ടീസ് കിറ്റിലെ
പ്രവർത്തന മേഖലകളാക്കി മാറ്റുന്നൊരു മന്ത്രികൻ
ഉറക്കം പരിക്കേൽപ്പിച്ച മുഖം കാൺകേ,
വാത്സല്യം മുറ്റി നരച്ച മിഴികളിൽ
തുളുമ്പുന്ന നോവിനെ കണ്ടില്ലെന്ന്
നടിക്കേണ്ടി വരുന്നൊരു മകൻ...
കോളേജിലേയ്ക്കുള്ള യാത്രയിൽ
വരവു ചിലവു കണക്കുകൾ കൂട്ടിയും
കിഴിച്ചും മനസ്സിൽ പതിപ്പിച്ച്
വയ്ക്കുന്നവൻ...
എങ്ങുമെത്താത്ത കണക്കുകൾ
മായ്ച്ചെഴുതിയെഴുതിയെന്റെ മനസ്
കീറിപ്പോകാറായല്ലോന്ന ചിന്തയാൽ
ചിലനേരം ചിരിയുതിർക്കുന്നവൻ...
നാളെയുടെ നന്മയെ
വാർത്തെടുക്കാനുള്ള
പരിശീലനക്കളരിയിലെ
നല്ലൊരു വിദ്യാർത്ഥിയാകാൻ
കൂടുവിട്ടു കൂടുമാറ്റം നടത്തുന്നവൻ...

Scanned by CamScanner

Memories



# തെയോഫിലസിന്റെ തിരുമുറ്റത്ത് വീണ്ടും ഓടിയെത്തുന്ന ഓർമ്മകൾ

തെയോസയുടെ താളുകൾക്ക് നിറം പകരാനായി ഞാൻ ഏതാനും നല്ല ഓർമ്മകൾ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. അധ്യാപന ജീവിതത്തിൽ കുറേ വർഷത്തെ പരിചയം ഉണ്ടെങ്കിൽ 2014 എം.എഡ് കോഴ്സിനായി മാർ തെയോഫിലസ് കോളേജിൽ എത്തിയപ്പോൾ വളരെയേറെ പരിഭ്രമത്തോടെ പുതിയതായി ഒരു കോളേജിൽ ചേരുന്ന ഒരു കുട്ടിയുടെ മനസുമായാണ് ഞാൻ വന്നത്. അന്നിവിടത്തെ പ്രിൻസിപ്പലായിരുന്ന എസ്തർ ടീച്ചറിന്റെ മാതൃസഹജമായ വാത്സല്യവും സ്നേഹവും എന്റെ മനസ്സിനെ വളരെ സ്വാധീനിച്ചു. ജിബി ടീച്ചർ ഒരു മൂത്ത സഹോദരിയെപ്പോലെ കരുതി എന്ത് സഹായവും ചെയ്യാൻ സന്നദ്ധയായി കരുതലോടെ നിന്നപ്പോൾ ഗുരു എങ്ങനെയാകണം എന്ന സന്ദേശം എനിക്ക് ലഭിച്ചു. പിന്നീട് അടുത്ത വർഷം കോളേജിന്റെ സാരഥ്യം ഏറ്റെടുത്തത് പ്രഗത്ഭനായ ബനഡിക്ട് സാർ ആണ്. സാറിന്റെ നല്ല വാക്കുകൾ ഞങ്ങൾ കുട്ടികൾക്ക് വളരെ പ്രചോദനം നൽകുന്നവയായിരുന്നു. കോളേജിന്റെ ചരിത്രത്തിൽ ആദ്യമായി 25-ൽ 25-ം സീറ്റുകൾ തികഞ്ഞ ഒരു എം.എഡ് ബാച്ചായിരുന്നു ഞങ്ങളുടേത്. പേര് പോലെതന്നെ ശാലീനതയുള്ള ശാലിനി ടീച്ചർ സ്നേഹപൂർവ്വമായ പെരുമാറ്റം, മാധുര്യമുള്ള സംസാരം, ഉത്തരവാദിത്വത്തോടെയുള്ള ക്ലാസ്സ് കൈകാര്യം ചെയ്യൽ എന്നിവകൊണ്ട് കുട്ടികളെ കൈയ്യിലെടുത്ത ടീച്ചർ. പ്രകൃതി രമണീയമായ മാർ ഈവാനിയോസ് കോളേജ് ക്യാമ്പസിൽ തന്നെയുള്ള നമ്മുടെ കോളേജ് കുട്ടികൾക്ക് പഠിക്കാനുള്ള നല്ല സാഹചര്യം ഒരുക്കികൊടുക്കുന്നു. വർഷങ്ങൾക്കുശേഷം വീണ്ടും കലാലയ ജീവിതം കൈയ്യിൽ വന്നപ്പോൾ മനസ്സുകൊണ്ട് ഞാനൊരു കോളേജ് കുട്ടിയായി മാറി എന്നത് കുടുംബത്തിൽ പോലും ചർച്ചയായി. നഷ്ടപ്പെട്ട ബാല്യം തിരിച്ചുകിട്ടിയപോലെ..... സദാ പൊട്ടിച്ചിരികളും കഥകളും, കളികളും, ഒപ്പം പഠിത്തവുമായി കഴിഞ്ഞ ഒരുവർഷം. ഈ കലാലയത്തിന്റെ ചുമരുകളിൽ തട്ടി പ്രതിധ്വനിച്ച ഞങ്ങളുടെ ശബ്ദകോലാഹലങ്ങൾ, ചെറിയചെറിയ പിണക്കങ്ങൾ, പരിഭവത്തോടെ വീണ്ടുമുള്ള ഇണക്കങ്ങൾ ഇതെല്ലാം ഇന്നും എന്റെ മനസ്സിൽ പച്ചപിടിച്ചു നിൽക്കുന്നു. തെയോഫിലസ് എന്ന കോളേജിന്റെ പടികടന്നവരാരും തന്നെ ജീവിതത്തിൽ ഒരിക്കലും മറക്കനിടയില്ല ഈ കലാലയ കാലഘട്ടം, അധ്യാപനം ജീവിത ലക്ഷ്യമാക്കിയവർ പതിനായിരങ്ങൾ ഇവിടെവന്ന് പഠനം കഴിഞ്ഞ് പുതിയ മേച്ചിൽ പുറങ്ങൾ തേടി പുറത്തേക്ക് പോകുമ്പോൾ കൂടെ കൊണ്ടുപോകുന്ന ഈ മധുരസ്മരണകളാണ്.

കുറച്ചുനാളത്തെ പരിചയം മാത്രമേ ഉള്ളു എങ്കിലും ഡോ. ജോജു സാർ ആളൊരു സംഭവം തന്നെയാണ് കേട്ടോ. എപ്പോഴും നമ്മുടെ മുൻപിൽ 'ഗോഡ് ബ്ലസ് യു' എന്ന് പറഞ്ഞ് സപ്പോർട്ട് തരുന്ന സാർ കുട്ടികൾക്ക് ഒരു മാതൃകയാണ്. ചുറുചുറുക്കോടെ ഓടിനടക്കുന്ന ആ അന്തർജനം ടീച്ചർ.., മായ ടീച്ചർ.... തൊടിയിലെ നന്ദിയാർവട്ടം പോലെയാണ് അനു ടീച്ചർ, ദീപ്തി ടീച്ചർ ആരെയും മറക്കാൻ ആകുന്നില്ല. തെയോസയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ എന്നും അഭിമാനിക്കുന്നു. കോളേജിന്റെ യശസ്സ് ഇനിയും ഉയരട്ടെ. ഈ മാതൃവിദ്യാലയം ഇനിയും വളരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തെയോസാ വോയിസിന് എല്ലാ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

സുജ തോമസ്
2014-15 ബാച്ച്

## ജീവിത വിജയത്തിന് അഞ്ച് മാർഗ്ഗങ്ങൾ

1. പ്രാർത്ഥന : എല്ലാം ദൈവത്തിന് സമർപ്പിക്കണം
2. ക്ഷമ : സ്വയം ക്ഷമിക്കുക മറ്റുള്ളവരോടും
3. കഠിനാധ്വാനം : നന്മ നിറഞ്ഞ നേട്ടങ്ങൾക്ക്
4. സത്യസന്ധത : ജീവിതത്തോടു പുലർത്തേണ്ട ഏറ്റവും വലിയ തത്വം
5. സഹാനുഭൂതി : സഹജീവികളോടുള്ള കരുണ



Scanned by CamScanner

# The Liberating Education

*tat-karma yan-nabhandaaya; saavidhyaayaavimuktaye;*
*aayaasaayaa param karma; vidyaa-anyaashilpanaipunam*

Vishnu Purana 1.19.41



Swami Gurunand

*"Those acts alone which help one to evade bondage are righteous. That learning alone which leads one to liberate is real knowledge.All other acts end up only in fatigue and is a mere exhibition of skill"*

Each and every child who takes birth is full of personal traits and qualities, which are to be fine-tuned according to the need of the time. It is the responsibility of the elder generation to see that this tuning is happening in such a way that it enables him to be a responsible member of the society, who leads a harmonious life with his fellow beings and nature. Thus, education is to provide the right touch, at the right time, in the right place and by the right hands. Then it is the effort to turn the human from its pettiness to vastness, from selfishness to selflessness, from dissension and conflict to harmony and compassion; from arrogance to a true nobility of the human spirit; and to touch again the depths, to rediscover the sacred within the child.

But the present-day education system is not so capable to meet these ends. Instead we live in a period where those who are ought to be the guardians of a system are becoming the real extinguishers. The doctors exploit the health, lawyers pollute the justice, universities contaminate the knowledge, the press manipulates information, religions destroy morals, banks exploit economy, children forsake their age-old parents, spouse cheating each other and so on. We are teaching our children, practically from the moment they are born, that the thing that matters is getting more stuff. It generally enables a person to be successful or victorious in his life, not considerate about the righteousness of life. In a success-oriented society nothing succeeds like success. Modern system of education is directed largely by what parents want for their children like a good job, prosperity, the respect of their fellow human beings etc. It by no means is capable of imparting a mindset that creates an inner contentment, love of nature and compassion. Such an education system that is not capable of providing these humanitarian values is to be reconsidered in its modus operandi.

Modern society equates education and wisdom itself with mere knowledge and the accumulation of knowledge as the end. We fail to recognize life as the opportunity to develop ourselves to our full potential as human beings and the adventure of discovering a new scenario of one's self that was alien to him so far. So, we have to think about an educational system that incorporates all the aspects of human development- Physical, Mental, Intellectual, Emotional, Social and Spiritual, thereby elevating one to his highest self, an Enlightened life. In addition to the facts they learn from routine education we have to impart skills more clearly focused on human needs and interests, such as how to get along well with others, and, even more importantly, how to get along with oneself, how to develop one's latent abilities, how to have a harmonious home life, most importantly how to acquire balance in one's own life.

There might not, of course, be a perfect or foolproof way of attaining such a goal. But it is education that will have to take the first bold steps in this direction, to realise future possibilities or at least to honestly confront them precisely, because education deals with the young and with those who lead the young forward. What we are doing today is determining in profound ways what shall exist on this planet in the generations to come. And thus, the way we educate our youth today will determine, in perhaps the most direct manner, the way life will be lived in the years to come. If we have to create an illumined future, we must create a new consciousness in our youth through an education that could nurture the values of self-transformation and liberation at its very core.



Scanned by CamScanner

# തെയോസ റിപ്പോർട്ട് 2019-2020

**ജോസ് സർ ഒരു നൊമ്പരം ...**

മാർ തെയോഫിലസിന്റെ ഒരു നൊമ്പരമായി വിദ്യാർത്ഥികളുടെ പ്രിയങ്കരനായ ഭാരതത്തിന്റെ അഭിമാന സ്പോർട്ട്സ് താരമായിരുന്ന ഡോ. റ്റി.പി. ജോസ്, 29-09-2019-ന് ദൈവസാന്നിധ്യത്തിലേക്ക് മടങ്ങി. പ്രിയപ്പെട്ട ജോസ് സാർ എന്നും ഞങ്ങളുടെ ഹൃദയങ്ങളിലേക്ക് ജീവിക്കും. തെയോസ കുടുംബത്തിന്റെ ആദരാഞ്ജലികൾ മരണാനന്തര ചടങ്ങുകൾക്ക് സജീവമായി പങ്കെടുത്തു.

**തെയോസാ ഡേ ആഘോഷം**

2019 ജനുവരി 13 രണ്ടാം ശനിയാഴ്ചയാണ് തെയോസ ദിനം ആഘോഷിച്ചത്. First years -ന്റെയും Second years-ന്റെയും ക്രിയാത്മകമായ അധ്വാനം തെയോഫിലോസ് കോളേജിനെ സുന്ദരമായി അണിയിച്ചൊരുക്കി. 9 മണിയോടെ രജിസ്ട്രേഷൻ ആരംഭിച്ചു. തെയോസാ മെമ്പേഴ്സിനെ പുഞ്ചിരിയോടെയും ചായ സത്ക്കാരത്തോടെയും കുട്ടികൾ സ്വാഗതം ചെയ്തു. 10 മണിക്ക് പൊതു സമ്മേളനം ആരംഭിച്ചു. ബനഡിക്ട് സാർ പൂർവ്വ വിദ്യാർത്ഥികളെ സ്വാഗതം ചെയ്തു. തുടർന്ന് അബ്രോസ് സാറും ബനഡിക്ട് സാറും ഫാ. തോമസ് കൈയ്യാലക്കലും മറ്റ് അധ്യാപകരും ചേരന്ന് പൂർവ്വ വിദ്യാർത്ഥികളെ ആദരിച്ചു. നല്ല അധ്യാപികയുടെ അവർഡ് നേടിയ ഡോ. എസ്. മായ എം.എഡ്-ൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ജിജിമോൾ Best outgoing student ഷാഫി തോംസൺ.

ബി.എഡ്-ൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ശില്പാ നായർ എന്നിവർക്ക് ആശംസകൾ അർപ്പിച്ചു. മികച്ച അധ്യാപകന്റെ സ്റ്റേറ്റ് അവാർഡ് നേടിയ ഫാ. സി. സി. ജോണിനെ സവിശേഷമായി ആദരിച്ചു. ശ്രീ. ഉണ്ണികൃഷ്ണൻ സാറിനും പ്രത്യേകം ആദരം നൽകി തെയോസാ കുടുംബം ബഹുമാനിച്ചു. ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഷമീം, ദീപ്ത, അമൃതകുമാരി, രാജേഷ് കുമാർ, ബിൻസി സൂസൻ ജേക്കബ്, വിജി വി., രശ്മി ആർ., സജിത, ലക്ഷ്മി ബിന്ദു, ഷിബു കൃഷ്ണൻ, സീനാ രാജ്, ധന്യാ ഡി.എസ്., പ്രിയ ഗോപിനാഥ് എന്നിവരെ അനുമോദിച്ചു. പി.എച്ച്.ഡി. ഫെലോഷിപ്പ് നേടിയ ഡോ. വേലായുധൻ നായർ, ഡോ. ജോജു ജോൺ എന്നിവരെയും ജെ.ആർ.എഫ്. നേടിയ ജാനു, സൗരഭ്യ, അമൃത എന്നിവരെയും യു.ജി.സി. നെറ്റ് കരസ്ഥമാക്കിയ ജ്യോത്സന, രാജലക്ഷ്മി, ബിൻസു, സന്ദീപ്, സൗമ്യ ടോം, ധന്യ എന്നിവരെ അനുമോദിച്ചു. സെറ്റ് നേടിയ കവിത സന്ദീപ്, ആരോമൽ, ഗായത്രി, ആൻസിമോൾ, റ്റീനാ വിൻസെന്റ്, സ്വാതി, സന്ധ്യ, നയന എന്നിവരെയും എ.ഫിൽ നേടിയ കല, സുരേഷ്, ഷീന, സുമി, ലിറ്റി, അനശ്വര, ആൻസിമോൾ എന്നിവരെയും കെറ്റെറ്റ് നേടിയ ബെറ്റി, ഫാത്തിമ, സൗമ്യ, ഹരിത, സുവിത, ശ്രീലക്ഷ്മി, ആതിര, വിഷ്ണുപ്രിയ, സുഹാന, എലിസബത്ത്, സുവൈന, സിനി, സന്ധ്യ, ശ്രുതി, സാഗ, അലൻ എന്നിവരെയും അനുമോദിച്ചു. പൂർവ്വ വിദ്യാർത്ഥികളുടെ അനുഭവം പങ്കുവച്ചതും കുട്ടികളുടെ കലാപരിപാടികളും കിഡ്സ് ഗെയിംസും തെയോ കിഡ്സിന്റെ കലാപരിപാടികളും ഗെയിംസും ഉച്ചയ്ക്കുള്ള ചുടപ്പവും ചിക്കൻ കറിയും ഫെസ്റ്റിന്റെ മാറ്റ് കൂട്ടി.

**തെയോസ ടൂർ**

തെയോസ കുടുംബത്തിന്റെ ഒരു ദിവസത്തെ ടൂർ അവിസ്മരണീയമായ ഒരു അനുഭവമായി. 75 പേരടങ്ങുന്ന ഒരു സംഘം ഫെബ്രുവരി 9 ശനിയാഴ്ച്ച പാലോട് ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശിച്ച യാത്ര ഓർമ്മകൾ പങ്കുവയ്ക്കുന്നതിന്റെയും സൗഹൃദത്തിന്റെയും ഒരു മനോഹര ദിനമായി മാറി.

**ദ്വിതീയ ദേശികോത്തമ അവർഡ്**

തെയോസ ഒരുക്കിയ ഡയമണ്ട് ജൂബിലി മെമ്മോറിയൽ ദേശീയോത്തമ അവാർഡ് 2019 മാർച്ച് 27-ന് അഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ, ഡോ. എം.എസ്. ഗീതയ്ക്ക് സമ്മാനിച്ചു. 25,000/- രൂപയും പ്രശസ്തി പത്രവുമായിരുന്നു അവാർഡ്.

**പോസ്റ്റർ മേക്കിംഗ് കോമ്പറ്റീഷൻ**

തെയോസ സിൽവർ ജൂബിലി പോസ്റ്റർ മേക്കിംഗ് കോമ്പറ്റീഷൻ 16-12-2019 ൽ കോളേജിൽ നടത്തപ്പെട്ടു. 20 കോളേജുകളിൽ നിന്നും മത്സരാർത്ഥികൾ ആവേശകരമായ മത്സരത്തിൽ പങ്കെടുത്തു. ഈ വർഷത്തെ മത്സരത്തിന് എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും പങ്കാളിത്തം ഉണ്ടായിരുന്നു.

Scanned by CamScanner

**രക്തദാന ക്യാമ്പ്**

മാർ തെയോഫിലസിൽ നാച്ച്വറൽ സയൻസ് വിഭാഗം സംഘടിപ്പിച്ച രക്തദാനവുമായി പങ്കുചേർന്നുകൊണ്ട് തെയോസാ അംഗങ്ങൾ രക്തം ദാനം ചെയ്തു.

**മറ്റ് പരിപാടികളിലെ പങ്കാളിത്തം**

കോളേജിന്റെ എല്ലാ പരിപാടികളിലും തെയോസയുടെ സാന്നിധ്യം ഉണ്ടായിരുന്നു. ശ്രീ. അംബ്രോസ് സാറിന്റെ നേതൃത്വത്തിൽ തെയോസാ ഒരു സപ്പോർട്ട് ഗ്രൂപ്പായി പ്രവർത്തിക്കുന്നു. ഇക്കഴിഞ്ഞ വർഷം സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ലൈബ്രേറിയൻ സി. ആദർശയ്ക്ക് 2019 മാർച്ച് 27-ന് നൽകിയ യാത്രയയപ്പ് സമ്മേളനത്തിൽ മെമന്റോ നൽകി.

**ഉപസംഹാരം**

തെയോസ മാർ തെയോഫിലോസ് കോളേജിലെ 2019 വർഷത്തെ പ്രധാന പരിപാടികളെയെല്ലാം പങ്കാളിത്തത്തിലൂടെ പ്രോത്സാഹിപ്പിച്ചു. സഹൃദയരായ സുഹൃത്തുക്കളായ എല്ലാ തെയോസാ മെമ്പേഴ്സിനും നന്ദി അർപ്പിച്ചു റിപ്പോർട്ട് തെയോസ കുടുംബത്തിന്റെ മുന്നിൽ സമർപ്പിക്കുന്നു.

**സുരേഷ് ബാബു**
എക്സിക്യൂട്ടീവ് സെക്രട്ടറി തെയോസ 2019-2020

---

# അമ്മ



**ശ്രീപ്രിയ എച്ച്.**



ഞാനറിയാതെ എൻ
ഗർഭപാത്രത്തിൽ
വേരുകൾ ഉറപ്പിച്ചവൻ
തളർന്നു....
എൻ പാൽ കട്ടുകുടിച്ചു
മേഘങ്ങൾ തേടി
ഉയർന്ന് പൊങ്ങി
ശിശിരങ്ങൾ മുളച്ചു
മലർമരങ്ങളും
കായ്കളും പൂക്കളും
സഖികൾ താരാട്ട് പാടി
കിളികൾ കൂടുകൂട്ടി
വെള്ളി വെയിൽ തട്ടി
തണലുകൾ എൻ ഓർമകളായി
ഒടുവിൽ, ഈ നരാധമൻ, കായൽ
കോടാലി തീർത്ത്
മാറ് പിളർന്ന്
അടർത്തി മാറ്റി
മാളിക തീർത്തപ്പോളും
ഞാൻ ഒരു മൂകസാക്ഷി മാത്രം
എത്തിയ നേരം
നിണമായ് ഒഴുകിയ
വെള്ളമെ നോക്കി
അമ്പരന്നോടി ഭ്രാന്തനെപ്പോലെ
ഒരു കൊട്ടക കണ്ടു
ആളു നിറഞ്ഞു
ഇവനും കാണുവാൻ കയറിയ നേരം
കാണുന്നു ഇവനുടെ ജീവിത കാലം
തെളിയുന്നു അപരിചിതർ
പരിചിതമായി
ഒന്നാന്നു പ്രസവിച്ച
അമ്മതൻ നീറ്റലും
സ്വപ്നം വിതയ്ക്കും അവനുടെ താതനും
ബന്ധു ജനങ്ങളും
കാണുന്നു വിസ്മയം
ഇവനുടെ ചെയ്തികൾ
വാടുന്നു കാന്തൻ
അബലയ്ക്കു മുൻപിലും
കാണുന്നു കൂട്ടമായി
ദുഷ് ചെയ്തികൾ
അകലുന്നു പ്രിയമുഖം
വീണ്ടും ഇതാ..........
എൻ ഓമന പുത്രനോ
അലമുറ ഇട്ടു ഇവൻ മാനസൻ
ഞെട്ടി ഉണർന്ന കൈ
വാരി പുണർന്നു
ഉറങ്ങും പൊൻ മുത്തിനെ
മാറുന്നു മാനസം
തേടുന്നു സ്നേഹവും
കാണുന്നാ സത്യം
ഈ സ്നേഹം



Scanned by CamScanner



Theophilus:-

# The Transformation Phase of my life

*Interview with* **Unnikrishnan N.S.**
*Vice Principal Goodshephered School, Akkulam, Thiruvananthapuram*



*Prepaired by*
**Lekshmi**

1. **Memories at MTTC**

I studied at MTTC, Nalanchiraduring the academic year 1988-89. We were 37 students in the Mathematics batch including 6 gentlemen and 31 ladies. Similarly there were three other batches for Physical Science, Social Science and English amounting to a total of 160 students. Apart from our class teacher Sr. Karunya, Principal Prof. Susan Joseph and the librarian Mrs. Pon Daisy, the other faculty members included Rev. Sr. Sbeeha, Prof. Mary Mathew, Rev. Sr. Christy, Dr.Achamma George, Mr. M.G Varghese and Dr. John Elanjimannil. As with all great institutions MTTC too had a humble beginning with 4 classrooms, 1 staffroom and a library Hall in the ground floor of the building, with the 2nd and 3rd floors being occupied by SarvodayaVidyalaya.

2. **Most influenced teacher at MTTC**

Though many teachers played a role in moulding a teacher out of me, it was Sr. Karunya who influenced me the most. Sr. Karunya joined the college in that very year as a Mathematics lecturer and within a short span of time, she built up a reputation for herself. She was a very talented and resourceful teacher who commanded the love and respect of all her students. Indeed it is no surprise that her words continue to serve as gospels for many of us.

3. **Your two strengths as a teacher.**

I think my strengths are patience and an ability to understand my students and adjust my teaching style accordingly. As for my weaknesses, honestly speaking, I have to say that though I have racked my brains to find one, I don't know what my weaknesses are!

4. **Why you chose this profession?**

I think more than anything else, it was my passion for teaching and an ardent desire to positively contribute to the society that motivated me to take up the noble profession of teaching.

5. **Which part of this profession you like most and which part you scared most?**

Meeting new students every year, helping them to overcome their fears and inculcating in them a passion for the subject is one of the many aspects of the teaching profession that excites me. As for the part that scares me, I believe that correcting answer sheets after examinations is an absolute nightmare, in terms of the sheer workload.

6. **Message to our MTTC student teachers.**

I would like to borrow the words of the famous philosopher Rousseauto answer this question. Before starting to teach, a teacher should study about his/her students first. Psychology revolves around the fundamental theory that every individual is unique. An ideal teacher should grasp this concept before anything else.



Scanned by CamScanner

7. **Who and what influenced you to become a teacher?**

It was my father, a teacher himself, who motivated me to choose teaching as a profession, a choice I have never come to regret in life.

8. **How MTTC influenced you in your profession?**

The positive, well planned and systematic teaching environment coupled with the immaculate training that I was fortunate to receive at MTTC went a long way in shaping my professional career, for which I am forever indebted to my teachers and my beloved alma mater Mar Theophilus Teacher's Training College.

9. **Biggest challenge you have ever had to face.**

I think the greatest challenge faced by a Mathematics teacher is delivering mathematical concepts effectively and meaningfully within the confines of a heterogeneously structured classroom.

10. **Your achievements**

Recipient of Silver Jubilee award for securing highest marks in the B. Ed degree exam in 1988-89.

Selected as the best M. Ed student in 1989-90 from Department of Education, University of Kerala.

Selected thrice as best teacher.

Received KHDA (Knowledge and Human Development Authority, Dubai) certificate from Dubai Education Department as Mathematics HOD.

11. **Your commitment towards society...**

Helping students develop a liking for the subject and moreover helping them to develop into better personalities so that they can work for the betterment of society, I feel, should be every teacher's commitment to the society.

## സമത്വ സുന്ദര മലയാളം

കവിത/ രതീഷ് ചന്ദ്രൻ





Scanned by CamScanner

# SET/KTET/CTET



Achu | Sajin F. | Fathima Rawther | Divya Moorthy | Gayathri G S



Jiji Sibin | Molu N C | Anu Murali | Feleeshya John | Sivakumar | Anupama G. | Lekshmi



Clement Mathew | Anoop M. S. | Jincy | Sany Mathew | Asha Mariya Sunny | Rani Roopesh | Asha K. L.



Gopika | Sonu Paul | Shabnam | Renju | Shafna | Karthi | Chinchu



Vishnupriya | Anju Jayaraj | Athira S. | Suvitha V. S. | Sreeja | Soumya | Sheenu J. S.



Gayathri R. C. | Renjini Sreekumar S. | Rahul Raj | Athira Mohan B.M. | Athira Sajeeve | Suvina | Suhana



Anuja | Anakha Murali | Anjana | Anu Xavier | Preethi S. | Sisy Mary Joy | Neenu susan jose

*Best Wishes to all the Winners*

Scanned by CamScanner




Scanned by CamScanner